**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4574** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ പ്രത്യേകമായ ഒരു സമഗ്ര പാക്കേജ് നിലവിൽ തയ്യാറായിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാർ പാസാക്കിയ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട്, 2016 പ്രകാരം ഭിന്നശേഷിക്കാർക്ക് നൽകിയിരിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. സാമൂഹ്യനീതി വകുപ്പ് ഇവർക്കുള്ള 4% തൊഴിൽ സംവരണം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാർക്ക്തടസ്സരഹിത ചുറ്റുപാട് ഒരുക്കുന്നതിനുള്ള നടപടികളും, ഒരു state fund രൂപീകരിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. മുഴുവൻ ഭിന്നശേഷിക്കാർക്കും വോട്ടവകാശം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കാഴ്ച പരിമിതർക്കായി ബ്രെയിൽ ലിപിയിലുള്ള ഡമ്മി ബാലറ്റ് പേപ്പർ തെരഞ്ഞെടുപ്പിനുള്ള ബൂത്തുകൾ തടസ്സരഹിതമായി ഭിന്നശേഷിക്കാർക്ക് എത്തിച്ചേരുന്നതിനായി സജ്ജമാക്കി. ഭിന്നശേഷിക്കാർക്കെതിരായ അക്രമങ്ങൾ, ഭിന്നശേഷിക്കാരുടെ പരാതികൾ എന്നിവ എളുപ്പത്തിൽ പരിഹരിക്കുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിച്ചു. ഭിന്നശേഷിക്കാരിൽ നിയമപരമായ ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കെൽപ്പില്ല എന്ന് കണ്ടെത്തുന്നവരുടെ നിയമപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ലിമിറ്റഡ് ഗാർഡിയനെ നിയമിക്കുന്നതിനായി ആർ.ഡി.ഒമാരെ ഇതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാക്കി. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്. മറ്റ് വകുപ്പുകൾ ഈ മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനായി വിവിധ വകുപ്പ് മേധാവികളുടെ യോഗങ്ങൾ നടത്തുകയും വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ പരാതി പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും പരാതി പരിഹാര ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരായ കുട്ടികൾക്കും വിവേചനം കൂടാതെ എല്ലാ പൊതുവിദ്യാലയങ്ങളിലും അഡ്മിഷൻ നൽകുന്നുണ്ട്. കൂടാതെ സ്പോർട്സ്, വിനോദം എന്നിവയ്ക്കും തുല്യപരിഗണന നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾ 'ബാരിയർ ഫ്രീ' ആക്കിയിട്ടുണ്ട്. കുട്ടികളുടെ അക്കാദമിക, സാമൂഹ്യ വികാസത്തിനായി ആവശ്യമായ പിന്തുണാ സംവിധാനവും നൽകുന്നുണ്ട്. എല്ലാത്തരം കുട്ടികൾക്കുമുള്ള പഠനത്തിനാവശ്യമായ സൗകര്യങ്ങൾ നൽകുന്നുണ്ട്. കുട്ടികളിൽ പഠനവൈകല്യം കണ്ടെത്തുന്നതിനും പരിഹാര ബോധനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകർക്കായി സർക്കാർ മേഖലകളിൽ രണ്ട് സ്പെഷ്യൽ ട്രെയിനിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ സഹായധനം വിതരണം ചെയ്യുന്നു. പരീക്ഷാനുകൂല്യങ്ങളും ഇത്തരം കുട്ടികൾക്ക് നൽകി വരുന്നു. |
| (സി) | കോവിഡിന്റെ സാഹചര്യത്തിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിൽ എന്തെല്ലാം പഠന സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;? | (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ഫസ്റ്റ്ബെൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചതിനാൽ ഭിന്നശേഷിക്കാരായ എല്ലാ കുട്ടികൾക്കും വേണ്ടി ഫസ്റ്റ്ബെല്ലിന്റെ ചുവട് പിടിച്ച് "വൈറ്റ് ബോർഡ്" എന്ന പേരിൽ ക്ലാസ്സുകൾ ആരംഭിച്ചു. വിവിധ കാറ്റഗറിയിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസ്സുകൾ ആരംഭിച്ചത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്കായി സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കി വരുന്നു. ബുദ്ധിപരിമിതിയുള്ള കുട്ടികൾക്കായി "തേൻകൂട്" എന്ന പഠന പിന്തുണാ സംവിധാനം നടപ്പിലാക്കി വരുന്നു. ഈ സംവിധാനം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്കും കൊടുക്കുന്നതിനും, അവരുടെ പ്രതികരണങ്ങൾ |

| | | | |
|---|---|---|---|
| | | | അറിയുന്നതിനും പ്രയോജനപ്പെടുന്നു. 168 ബി.ആർ.സികളിലും ഓട്ടിസം സെന്റർ ആരംഭിച്ചിട്ടുണ്ട്. ഈ ഓട്ടിസം സെന്ററുകളിൽ ഓട്ടിസം കുട്ടികൾക്കായുള്ള തെറാപ്പി സർവ്വീസും ഒപ്പം പഠന പിന്തുണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ ടി കുട്ടികൾക്കായി റിസോഴ്സ് റൂമുകളും സജ്ജമാക്കിയിട്ടുണ്ട്. ബുദ്ധിപരിമിതിയുള്ള 400ലധികം വരുന്ന ബഡ്സ്/സ്പെഷ്യൽ സ്കൂൾ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സംസ്ഥാനതല കോർ ഗ്രൂപ്പ് രൂപീകരിക്കുകയും, മുഴുവൻ വിദ്യാലയങ്ങളിൽ നിന്നും നൈപുണീ മേഖലകളിൽ അദ്ധ്യാപകരുടെയും തെറാപ്പിസ്റ്റുകളുടെയും സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും എസ്.സി.ഇ.ആർ.ടിയുടെ യൂ-ട്യൂബ് ചാനലിലൂടെ നൈപുണി മേഖല അടിസ്ഥാനമാക്കിയുള്ള തീം അനുസരിച്ചും, വീഡിയോ ക്ലാസ്സുകൾ, പ്രീ പ്രൈമറി, പ്രൈമറി, സെക്കന്ററി, പ്രീ വൊക്കേഷണൽ വിഭാഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ